# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## ടി.എച്ച്.എസ്.എൽ.സി സേ പരീക്ഷ

## ജൂൺ- 2026

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം -12

ഇ.എക്സ്/സി.ജി.എൽ(3)/22259/2026/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി: 18/05/2026

# വിജ്ഞാപനം

വിഷയം: ടി.എച്ച്.എസ്.എൽ.സി സേവ് എ ഇയർ ("സേ") പരീക്ഷ ജൂൺ 2026 വിജ്ഞാപനം- സംബന്ധിച്ച്.

സൂചന: 25/10/2025 ലെ സിജിഎൽ3/45000/2025/സിജിഇ നമ്പർ പരീക്ഷാ വിജ്ഞാപനം.

-------

2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടിയാണ് സേവ് എ ഇയർ ("സേ") പരീക്ഷ നടത്തുന്നത്. പരമാവധി 3 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി + ഗ്രേഡ് എങ്കിലും ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ("സേ") പരീക്ഷ എഴുതാവുന്നതാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് "സേ" പരീക്ഷ നടത്തുന്നത്. മാതൃക അപേക്ഷ ഫോറം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## "സേ" പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ

1. 2026 മാർച്ചിൽ റഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതി പരമാവധി മൂന്ന് വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തത് മൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്കും സേവ് എ ഇയർ ("സേ") പരീക്ഷ എഴുതുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
2. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായിരിക്കും "സേ" പരീക്ഷ നടത്തുന്നത്. എന്നാൽ അപേക്ഷ, വിദ്യാർത്ഥി പരീക്ഷ എഴുതിയ സെന്ററിൽ നൽകിയാൽ മതിയാകും.
3. 2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് "സേ" പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.
4. "സേ" പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.

5. മാർച്ചിൽ നടന്ന പൊതുപരീക്ഷയ്ക്ക് പരീക്ഷാർത്ഥിത്വം ക്യാൻസൽ ചെയ്തവർക്ക് "സേ" പരീക്ഷയ്ക്കിരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
6. കൂടാതെ 2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി പരീക്ഷയക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് രേഖകൾ പരിശോധിച്ച് പരീക്ഷാർത്ഥിയെ മൂന്നിൽ കൂടുതൽ പേപ്പറുകൾക്ക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.
7. "സേ" പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.
8. "സേ" പരീക്ഷയ്ക്ക് അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ "സേ" പരീക്ഷാഫലം പരിഗണിക്കുന്നതല്ല.
9. IED വിദ്യാർത്ഥികൾക്ക് മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച ആനുകൂല്യം "സേ" പരീക്ഷയ്ക്കും ലഭിക്കുന്നതാണ്. ഇതിനായി ഡി.പി.ഐ-യിൽ നിന്നും ലഭിച്ച ഉത്തരവിന്റെ കോപ്പി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

കുറിപ്പ്: ടി.എച്ച്.എസ്.എൽ.സി സേ പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.

<u>2026-ലെ ടി.എച്ച്.എസ്.എൽ.സി "സേ" പരീക്ഷ തീയതിയും സമയവും</u>

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 10/06/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | മലയാളം/കന്നട |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ഊർജ്ജതന്ത്രം |
| 11/06/2026 | വ്യാഴം | രാവിലെ 9.30 മുതൽ 12.15 വരെ | ഗണിതശാസ്ത്രം |
| | | ഉച്ചയ്ക്ക് 1.45 മുതൽ 4.00 വരെ | ഇലക്ട്രോണിക്സ് ട്രേഡ് തിയറി |

| | | | |
|---|---|---|---|
| 12/06/2026 | വെള്ളി | രാവിലെ 9.30 മുതൽ 11.15 വരെ | രസതന്ത്രം |
| 15/06/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഇംഗ്ലീഷ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 4.00 വരെ | ജീവശാസ്ത്രം (IHRD) |
| | | | ട്രേഡ് തിയറി |
| 16/06/2026 | ചൊവ്വ | രാവിലെ 9.30 മുതൽ 12.15 വരെ | സോഷ്യൽ സയൻസ് |
| | | ഉച്ചയ്ക്ക് 1.45 മുതൽ 3.30 വരെ | ജനറൽ എഞ്ചിനീയറിംഗ് (II) |
| | | ഉച്ചയ്ക്ക് 1.45 മുതൽ 4.00 വരെ | ഇലക്ട്രിക്കൽ ടെക്നോളജി (IHRD) |
| 17/06/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.45 വരെ | കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി (IHRD) |
| | | ഉച്ചയ്ക്ക് 1.45 മുതൽ 5.00 വരെ | എഞ്ചിനീയറിംഗ് ഡ്രോയിംഗ് (III) |

ആദ്യത്തെ 15 മിനിട്ട് കൂൾ ഓഫ് ടൈം ആയിരിക്കും.

"സേ" പരീക്ഷ എഴുതുന്നതിന് പേപ്പർ ഒന്നിന് 100/- രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഗ്രേഡ് വ്യക്തമാക്കുന്ന പ്രിന്റൗട്ടും അപേക്ഷാഫീസും 2026 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാഫീസ് പണമായോ/ചെക്കായോ മറ്റ് വിധത്തിലോ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കാൻ പാടില്ല. പരീക്ഷാ ഫീസിനത്തിൽ ലഭിച്ച തുക ചീഫ് സൂപ്രണ്ടുമാർ 0202-01-102-99 Examination Fee എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. അപേക്ഷാഫോറം പരീക്ഷാഭവന്റെ http://thslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ഹാൾടിക്കറ്റ് വിതരണം</u>

സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ ഹാൾടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് **04/06/2026-ന്** മുൻപ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**<u>സർട്ടിഫിക്കറ്റ്</u>**

പരീക്ഷാർത്ഥികൾക്ക് മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേനയാണ് "സേ" പരീക്ഷാ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്ന് മാസത്തിനകം പരീക്ഷാർത്ഥികൾ "സേ" പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ രജിസ്റ്റേർഡായി അയക്കേണ്ടതാണ്.

**<u>അപേക്ഷകളുടെ രജിസ്ട്രേഷൻ</u>**

അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്ന അപേക്ഷാ ഫോറമാണ് സേ പരീക്ഷയുടെ രജിസ്ട്രേഷനായി ഉപയോഗിക്കേണ്ടത്. 2026 മാർച്ചിൽ ടി.എച്ച്.എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂളിൽ **19/05/2026** മുതൽ **22/05/2026** വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ സ്കൂളിനും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുമിച്ച് ബന്ധപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിൽ **24/05/2026-ന്** മുമ്പായി സമർപ്പിക്കണം. സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫാറം സ്വീകരിച്ച് **25/05/2026-ന് വൈകിട്ട്** 5 മണിക്ക് മുൻപായി തന്നെ ഓൺലൈൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

പരീക്ഷാകമ്മീഷണർ

## അനുബന്ധം – എ

## റ്റി.എച്ച്.എസ്.എൽ.സി.2026 സേവ് എ ഇയർ ('സേ') പരീക്ഷ

## അപേക്ഷാഫാറം

1. പരീക്ഷാകേന്ദ്രത്തിന്റെ നമ്പർ :
2. പരീക്ഷാകേന്ദ്രത്തിന്റെ പേരും സ്ഥലവും :
3. പരീക്ഷാർത്ഥിയുടെ പേര് :
4. രക്ഷകർത്താവിന്റെ പേര് :
5. പൂർണ്ണ മേൽവിലാസം :

6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** :

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | 03/2026 ൽ ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2026 മാർച്ചിലെ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കുവാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. പരീക്ഷ എഴുതുന്ന മാധ്യമം :

8. ഒടുക്കിയ പരീക്ഷ ഫീസ് വിവരം :

9. 2026 മാർച്ചിൽ പരീക്ഷ എഴുതിയ സ്കൂളിന്റെ പേരും സെന്റർ നമ്പരും :

10. 2026 മാർച്ചിൽ എഴുതിയ പരീക്ഷയുടെ രജിസ്റ്റർ നമ്പർ :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: **പരീക്ഷാർത്ഥിയുടെ ഒപ്പ്**

## മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :

2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ ആനുകൂല്യത്തിന് അർഹതയുണ്ടോ ? :

3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും

പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

------------------------------------------------------------------------------------------------------

## സേ പരീക്ഷാകേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :

2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ് :

3. രജിസ്റ്റർ നമ്പർ : [ ]

4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ് :

## ANNEXURE – B

## THSLC EXAMINATION SAY- June 2026

## QUESTION PAPER STATEMENT

Name of Centre :

Centre Code :

Phone No. :

Name of Educational District ..................................................................

| PAPER | SUBJECTS | | NO.OF QUESTION PAPERS REQUIRED | REMARKS |
|---|---|---|---|---|
| I | MALAYALAM | | | |
| II | ENGLISH | | | |
| III | SOCIAL SCIENCE/ HUMANITIES (IHRD) | | | |
| IV | PHYSICS | | | |
| V | CHEMISTRY | | | |
| VI | MATHEMATICS | | | |
| VII | MECHANICAL ENGINEERING | | | |
| VIII | COMPUTER SCIENCE & IT | | | |
| IX | GENERAL ENGINEERING | | | |
| X | ELECTRICAL TECHNOLOGY II | | | |
| XI | ENGINEERING DRAWING III | | | |
| XII | BIOLOGY | | | |
| XIII | TRADE THEORY (15 PAPERS SHOWN BELOW SEPARATELY) | | | |
| | 1 | FITTING | | |
| | 2 | WELDING | | |
| | 3 | TURNING | | |
| | 4 | ELECTRICAL WIRING AND | | |

| | | | | |
|---|---|---|---|---|
| | | MAINTENANCE OF DOMESTIC APPLIANCE (EW & MDA) | | |
| | 5 | MAINTENANCE OF TWO WHEELERS & THREE WHEELERS | | |
| | 6 | ELECTROPLATING | | |
| | 7 | ELECTRONICS | | |
| | 8 | SURVEYING | | |
| | 9 | RUBBER TECHNOLOGY | | |
| | 10 | PRINTING | | |
| | 11 | MOTOR MECHANIC (AUTOMOBILE) | | |
| | 12 | REFRIGERATION & AIR CONDITIONING | | |
| | 13 | PLUMBING | | |
| | 14 | MASONRY & CONCRETE WORK | | |
| | 15 | AGRICULTURE | | |
| XIV | | ELECTRONICS II (TRADE THEORY) | | |
| XV | | IT | | |

**(School Seal)** **SIGNATURE OF SUPERINTENDENT/PRINCIPAL**